കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി 4/1387/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 19/09/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി 4/1387/2024 തീയ്യതി: 19/09/2024

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	07-08-2024	16-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-08-2024	16-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ് പി.ജി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.സുമേഷ് പി.വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജയശ്രീ പി.ജീ ,സീനീയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജോഷി തോമസ്,സീനീയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
മിനി മത്തായി	പ്രസിഡന്റ്	01-04-2023	31-03-2024
പ്രദീപ്. എൻ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സീനാ മാത്യു	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി.സുമിത സുകുമാരൻ	അസിസ്റ്റന്റ് എൻജിനീയർ	01-04-2023	14-07-2023
ശ്രീമതി.ബിന്ദു ടി.ടി	അസിസ്റ്റന്റ് എൻജിനീയർ	15-07-2023	31-03-2024
ശ്രീമതി ശ്രുതി വി.ആർ	വി.ഇ.ഒ,തോട്ടുവ	01-04-2023	22-07-2023
ശ്രീമതി .ഷീജ മോൾ.ഇ.ആർ	വി.ഇ.ഒ,തോട്ടുവ	22-07-2023	31-03-2024
ശ്രീ.ഹരികുമാർ വി.കെ	വി.ഇ.ഒ,കുറവിലങ്ങാട്	01-04-2023	19-07-2023
ശ്രീ.വിമൽ കുമാർ.വി	വി.ഇ.ഒ,കുറവിലങ്ങാട്	20-07-2023	31-03-2024
ഡോ.രാജഹംസ് ശശി	മെഡിക്കൽ ഓഫീസർ ,ആയുർവേദം	01-04-2023	05-09-2023
ഡോ.അരുൺകുമാർ വി.പി	മെഡിക്കൽ ഓഫീസർ ,ആയുർവേദം	05-09-2023	31-03-2024
ശ്രീമതി.പാർവ്വതി.ആർ	കൃഷി ഓഫീസർ	01-04-2023	24-11-2023
ശ്രീ.ആഷ്ലി മാത്യൂസ്	കൃഷി ഓഫീസർ	24-11-2023	31-03-2024
ഡോ.സീമ ജെയിംസ്	സീനീയർ വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീ.പ്രകാശൻ.കെ	ഹെഡ് മാസ്റ്റർ,ഗവ.യു.പി സ്കൂൾ ,കുളത്തൂർ	01-04-2023	31-03-2024
ശ്രീമതി.ശ്രീവിദ്യ	ഐ.സി.ഡി.എസ് ,സൂപ്പർവൈസർ	01-04-2023	18-06-2023
ശ്രീമതി.ലിബിൻ ജേക്കബ്	ഐ.സി.ഡി.എസ് ,സൂപ്പർവൈസർ	19-06-2023	31-03-2024
ശ്രീമതി. ജയറാണി.എസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി.പ്രേമോൾ ദാസ്	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2023	31-03-2024
ഡോ.ആരതി രഞ്ജിത്ത്	മെഡിക്കൽ ഫീസർ താലൂക്ക് ആശുപത്രി , കുറവിലങ്ങാട്	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല .	1-1-1
3	മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല .	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല .	1-1-3
5	Prior Period Expense തുക വിശദീകരിക്കപ്പെട്ടില്ല	1-1-4
6	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.	1-1-5
7	ആസ്തികളുടെ മൂല്യശോഷണം - കൃത്യത വ്യക്തമല്ല.	1-1-6
8	റോഡ് സംരക്ഷണ ഗ്രാന്റിന്റെ ചെലവ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.	1-1-7
9	ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വരവ് ചെലവുകൾ ക്രോഡീകരിച്ചിട്ടില്ല.	1-1-8
10	സാക്ഷരത ഫണ്ടിന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.	1-1-9
11	Grants, Funds And Contribution For Specific Purpose - വിശദീകരിക്കപ്പെട്ടില്ല.	1-1-10
12	ശുചിത്വമിഷൻ ഗ്രാന്റ് - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.	1-1-11
13	ഗുണഭോക്തൃവിഹിതം - തുക പൊരുത്തപ്പെടുന്നില്ല.	1-1-12
14	തിരികെ അടക്കാനുള്ള ലോൺ തുക പൊരുത്തപ്പെടുന്നില്ല.	1-1-13
15	ദുരിതാശ്വാസനിധി നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-14
16	വാടക നിക്ഷേപം - പൊരുത്തപ്പെടുന്നില്ല.	1-1-15
17	വിവിധ വരവിനങ്ങളുടെ ഡി.സി.ബി നിർണ്ണയിച്ചിട്ടില്ല / പൊരുത്തപ്പെടുന്നില്ല.	1-1-16
18	Other Deposits - വിശദീകരിക്കപ്പെട്ടില്ല.	1-1-17
19	തൊഴിൽ രഹിത വേതനം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-18
20	ബജറ്റ് വിശകലനം	1-2
21	സാമ്പത്തിക വിശകലനം	1-3
22	ഗ്രാന്റ് വിനിയോഗം.	1-4
23	വാർഷികപദ്ധതി അവലോകനം.	1-5
24	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
25	സാമൂഹ്യസുരക്ഷാ പദ്ധതികൾ	1-7
26	ക്യാഷ് ബാലൻസ് പരിശോധന	1-8
27	ആഭ്യന്തര നിയന്ത്രണം	1-9
28	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
29	വിവിധ തുകകൾ ക്രമീകരിക്കാതെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.	1-11
30	2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായില്ല	1-12
31	വസ്തുനികുതി പരിഷ്കരണം- നടപടികൾ പൂർത്തിയായില്ല	1-13
32	വസ്തുനികുതി പരിഷ്കരണം-പുതുക്കിയ നിരക്കുകൾ പഞ്ചായത്ത് നിശ്ചയിച്ചതിലെ അപാകതകൾ	1-14
33	400 കെ വി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ–വസ്തുനികുതി നിർണയിച്ചില്ല	1-15
34	ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു.	1-16
35	ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു	1-17
36	ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല	1-18
37	സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല	1-19
38	ഷോപ്പിംഗ് കോംപ്ലക്സ് വാടക -പൂർണ്ണമായും ലഭ്യമായിട്ടില്ല	1-20

39	ഇ ടെന്റർ ഫീസ് ലഭ്യമായില്ല.	1-21
40	ടെർമിനൽ സറണ്ടർ നൽകൽ - ലീവ് അക്കൗണ്ട് കൃത്യമാക്കിയില്ല.	1-22
41	തെരുവുവിളക്കുകളുടെ എ.എം.സി - ടെണ്ടർ നിബന്ധന പാലിച്ചില്ല.	1-23
42	ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കുടിശ്ശിക – രേഖകൾ ലഭ്യമായില്ല.	1-24
43	കന്നുകുട്ടി പരിപാലനം-ഗുണഭോക്താക്കൾ പിന്മാറി	1-25
44	മുൻകൂറായി തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല	1-26
45	കുടിവെള്ള പദ്ധതികൾ -വിശദാംശങ്ങൾ ലഭ്യമല്ല.	1-27
46	ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല	1-28
47	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ– കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ.	1-29
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം.	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്.	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ.	4-6
7	ഓഡിറ്റ് റിക്കവറി.	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം .	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **കുറവിലങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22/05/2024 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29/05/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക

നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി :19.09.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല .

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (25688572/- രൂപ) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ചപ്പോൾ ജനറൽ ഫണ്ട് മൂല്യം 6303498/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ ആധികാരിക രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല .

മൂലധന വർദ്ധനവ്(Capital Contribution) മുന്നിരിപ്പിന്റെ വിശദാംശം 2022-23 വരെയുള്ളത് ഫണ്ട് തിരിച്ചും സാമ്പത്തിക വർഷം തിരിച്ചും ലഭ്യമല്ല. മൂലധന വർദ്ധനവ് വ്യക്തമാക്കുന്ന Capital Contribution Register സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവ് മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതും 31/03/2024 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല .

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2024 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-4 Prior Period Expense തുക വിശദീകരിക്കപ്പെട്ടില്ല

I-18 ഷെഡ്യൂൾ പ്രകാരം 2.38 കോടി രൂപ Prior Period Expense ആയി ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ കൃത്യത രേഖാമൂലം വിശദീകരിക്കപ്പെട്ടില്ല. അപാകത വിശദീകരിക്കപ്പെട്ടില്ല.

1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-9 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. അപാകത പരിഹരിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

1-1-6 ആസ്തികളുടെ മൂല്യശോഷണം - കൃത്യത വ്യക്തമല്ല.

2023-24 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട തുകയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്. മാത്രമല്ല ബി11(a) പ്രകാരം Accumulated Depreciation ൽ മുൻ വർഷത്തേക്കാൾ 1.20 കോടിയുടെ കുറവ് ഉണ്ടായിട്ടുണ്ട്. അത്രയും തുകയുടെ വ്യത്യാസം വന്നത് വിശദീകരിക്കപ്പെട്ടില്ല.

1-1-7 റോഡ് സംരക്ഷണ ഗ്രാന്റിന്റെ ചെലവ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

റോഡ് സംരക്ഷണ ഗ്രാന്റിന്റെ തൻ വർഷ ചെലവ്, ചെലവ് പത്രിക, വാർഷിക കണക്ക് എന്നിവ പ്രകാരം 3796188/- രൂപയാണ്. എന്നാൽ സാംഖ്യ എ.സി.ആർ പ്രകാരം ചെലവ് 5277437/- രൂപയാണ്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-8 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വരവ് ചെലവുകൾ ക്രോഡീകരിച്ചിട്ടില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ടൈഡ് അൺടൈഡ് ഇനങ്ങളിലെ പ്രാരംഭബാക്കി, നീക്കിയിരിപ്പ് തുകകൾ നിർണ്ണയിച്ച് ക്രോഡീകരിച്ച് എ.സി.ആർ സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിച്ച് രജിസ്റ്റർ സൂക്ഷിച്ച് വരവ് ചെലവ് തുകകൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-9 സാക്ഷരത ഫണ്ടിന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് B4 ഷെഡ്യൂൾ ഹെഡ് 320100197 പ്രകാരം സാക്ഷരതയിനത്തിലെ നീക്കിയിരിപ്പ് 81215/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം നീക്കിയിരിപ്പ് 17746/- രൂപയാണ്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-10 Grants, Funds And Contribution For Specific Purpose - വിശദീകരിക്കപ്പെട്ടില്ല.

വാർഷിക കണക്കിന്റെ B4 ഷെഡ്യൂളിൽ 320300199 എന്ന ഹെഡിൽ Grants, Funds And Contribution For Specific Purpose എന്ന ഇനത്തിൽ ലയബിലിറ്റിയായ് ബുക്ക് ചെയ്തിരിക്കുന്ന 11,61,118/- രൂപയുടെ വരവ് ചെലവുകൾ വിശദീകരിക്കപ്പെട്ടില്ല. ടി തുക ഏത് വർഷം കിട്ടിയതാണെന്ന് വ്യക്തമല്ല. വരവ് ചെലവുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുമില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-1-11 ശുചിത്വമിഷൻ ഗ്രാന്റ് - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്ക് B4 ഷെഡ്യൂൾ ഹെഡ് 320100198 പ്രകാരം ശുചിത്വമിഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് 1043317/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം നീക്കിയിരിപ്പ് 387995/- രൂപയാണ്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-12 ഗുണഭോക്തൃവിഹിതം - തുക പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിന്റെ ബി4 ഷെഡ്യൂളിൽ 320800101 ഹെഡിൽ ഗുണഭോക്തൃവിഹിതമിനത്തിൽ ലയബിലിറ്റിയായി ബുക്ക് ചെയ്തിരിക്കുന്നത് 512679/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 8951/- രൂപ മാത്രമാണ് ലയബിലിറ്റി. കൃത്യത പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

1-1-13 തിരികെ അടക്കാനുള്ള ലോൺ തുക പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിന്റെ B5 ഷെഡ്യൂൾ പ്രകാരം തിരികെ അടക്കുവാനുള്ള ലോൺ തുക 3221692/- രൂപയാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രാകാരം ആയത് 3222565/- രൂപയാണ്. B16 ഷെഡ്യൂളിൽ Prepaid Expense ആയി ബുക്ക് ചെയ്തിരിക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-1-14 ദുരിതാശ്വാസനിധി നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്ക് ബി2, ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസനിധിയിലെ നീക്കിയിരിപ്പ് 729831/- രൂപയാണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 646555/- രൂപയാണ്. അപാകത വിശദീകരിക്കപ്പെട്ടില്ല. ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് കണക്കുകൾ എഴുതി പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-15 വാടക നിക്ഷേപം - പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്ക് ബി 7 ഷെഡ്യൂൾ പ്രകാരം വാടകനിക്ഷേപം ഇനത്തിലെ നീക്കിയിരിപ്പ് 5064141/- രൂപയാണ് (ഹെഡ് 340200102) . എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് 5080469/- രൂപയാണ്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-16 വിവിധ വരവിനങ്ങളുടെ ഡി.സി.ബി നിർണ്ണയിച്ചിട്ടില്ല / പൊരുത്തപ്പെടുന്നില്ല.

വാടകയിനത്തിലെ കറന്റ് കളക്ഷൻ വാർഷികകണക്കും രജിസ്റ്ററുമായി 75832/- രൂപയുടെ വ്യത്യാസമുണ്ട്. വാടകയുടെ അരിയർ ഡി.സി.ബി നിർണ്ണയിച്ചിട്ടില്ല. ഓഡിറ്റോറിയം, ഹാൾ വാടക, ബസ്റ്റാന്റ് കളക്ഷൻ, പബ്ലിക് കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള വരവ് എന്നിവയുടെ ഡി.സി.ബി നിർണ്ണയിച്ചിട്ടില്ല. അപാകത പരിഹരിച്ച് ഡി.സി.ബി നിർണ്ണയിച്ച് സൂക്ഷിക്കേണ്ടതാണ്.

1-1-17 Other Deposits - വിശദീകരിക്കപ്പെട്ടില്ല.

വാർഷികകണക്ക് ബി7 ഷെഡ്യൂളിൽ 340200199 എന്ന ഹെഡിൽ 58420/- രൂപ Other Deposits എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ടി തുകയുടെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. തുക ഏത് ഇനത്തിലുള്ളതാണെന്ന് വിശദീകരിക്കപ്പെട്ടില്ല.

1-1-18 തൊഴിൽ രഹിത വേതനം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

തൻവർഷം തൊഴിൽ രഹിത വേതനത്തിൽ 480/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ് വിശകലനം

2023-24 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 16.03.2023 തീയതിയിലെ 1 (1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 09.02.2024 തീയതിയിലെ 1(4) തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവു ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്	5739180	31,13,291
വരവ്	20,07,24,500	18,82,18,200
ആകെ	20,64,63,680	19,13,31,491
ചെലവ്	197994280	18,70,71,200
നീക്കിയിരുപ്പ്	8469400	42,60,291

1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്(01/04/2023)	16217290/-
വരവ്	47653164/-
ആകെ	63870454/-
ചെലവ്	38382072/-

നീക്കിയിരിപ്പ്(31/03/2024)	25488382/-

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

ഇനം	തുക
ആകെ വരുമാനം	103,499,379
ആകെ ചെലവ്	110,659,314
പ്രവർത്തന നഷ്ടം	7,159,935
മുൻകാല അക്കൌണ്ടിംഗ് ക്രമീകരണം(Prior Period Adjustment)	-25105480
അറ്റ പ്രവർത്തന മിച്ചം	17,945,545

ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം	0
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ്ജ് ചെയ്യാവുന്നത്)	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	482153/-

1-4 ഗ്രാന്റ് വിനിയോഗം.

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്-ജനറൽ	0	12743000	12743000	12359718	383282	97
വികസന ഫണ്ട്-SCP	0	2467000	2467000	2467000	0	100
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	286405	2233469*	**2519874**	1237000	1282874	49
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	4127704	1582500	5710204	1585132	4125072	27
മെയിന്റനൻസ് ഗ്രാന്റ്- Road	0	11031350	11031350	3796188**	7235162	34
മെയിന്റനൻസ് ഗ്രാന്റ്-Non Road	0	2332600	2332600	1741543	591057	74.6
National Health Mission(NHM) ഫണ്ട് Diagnostic Purposes& Infrastructure Development	2514	770182	772696	760000	12696	98
ആരോഗ്യ	127032	336445	463477	310130	153347	67

ഗ്രാന്റ്(പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക)						
ഐ.സി.ഡി.എസ്	1030312	1221257	2251569	292610	1958959	13
ശുചിത്വമിഷൻ ഗ്രാന്റ്	1019995	46644	1066639	23322	1043317	2

വികസന ഫണ്ട് ജനറൽ 221/24, 224/24, 227/24 ജി.ഓ പ്രോജക്ടുകൾ പ്രകാരം 608830 രൂപ ലൈഫ് വായ്പ ഇനത്തിലും 220/24, 223/24, 226/24 ജി.ഒ.പ്രോജക്ടുകൾ പ്രകാരം 832200/- രൂപ അങ്കണവാടി അധികവേതനം ഇനത്തിലും കുറവുചെയ്തിരുന്നു. ടി തുകകൾ കൂടി വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വികസന ഫണ്ട് എസ്.സി.പി 222/24. 225/24, 228/24 ജി.ഓ പ്രോജക്ടുകൾ പ്രകാരം 153447/- രൂപ ലൈഫ് വായ്പ തിരിച്ചടവ് ഇനത്തിൽ കുറവുചെയ്തിരുന്നു. ടി തുകകൾ കൂടി വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

* ധനകാര്യകമ്മീഷൻഗ്രാന്റിന്റെ മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകൾ കൃത്യമാക്കി ക്രോഡീകരിച്ച് എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ബേസിക് ഗ്രാന്റിൽ തൻവർഷത്തെ പലിശ വരവായ 123469/- രൂപ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

** സംരക്ഷണഗ്രാന്റ് റോഡിന്റെ ചെലവ് എ.സി.ആറുമായി 1481249/- രൂപയുടെ വ്യത്യാസമുണ്ട്. പ്രോജക്ട് നമ്പർ 147/24 ന്റെ 782812/- രൂപയും പ്രോജക്ട് നമ്പർ 128/24 ന്റെ 698437/- രൂപയും ക്യൂ ബില്ലിൽ ഉൾപ്പെട്ടതാണ്. ആയത് എ.സി.ആറിൽ ചെലവായി ബുക്ക് ചെയ്തതാണ് വ്യത്യാസത്തിന് കാരണം.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സുസ്ഥിര വികസനലക്ഷ്യങ്ങളിലൂന്നി കേരളത്തെ വൈജ്ഞാനികസമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക, കേരളത്തിന്റെ സാമ്പത്തികവികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക, പിന്നാക്ക, പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുള്ള വികസനം, ആഗോള സുസ്ഥിരവികസനലക്ഷ്യങ്ങൾ നിശ്ചിതസമയത്തിന് മുൻപേതന്നെ കൈവരിക്കുക, കേരളത്തിലെ ജനങ്ങളുടെ ജീവിതഗുണമേന്മ വർദ്ധിപ്പിക്കുക എന്നിവ 14-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളായി നിശ്ചയിച്ച് അത് നേടുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൈവരിക്കേണ്ട സവിശേഷ വികസന ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെടുകയുണ്ടായി. പ്രസ്തുത വികസനലക്ഷ്യങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച നവകേരള കർമ്മപദ്ധതി വികസനദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയുമായി

ഏകോപിപ്പിക്കുംവിധം വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നു. ആയതിലേക്ക് കൃത്യമായ പദ്ധതി ആസൂത്രണ നിർവഹണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണസമിതി യോഗം 30-12-2022 ലും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 06-01-2023ലും, പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 03-01-2023മുതൽ 17-01-2023 വരെയുള്ള കാലയളവിലും വികസനസെമിനാർ 04-03-2023ലും നടക്കുകയുണ്ടായി. ഇങ്ങനെ നിശ്ചിത സമയക്രമം പാലിച്ചുള്ള വിവിധ ഘട്ടങ്ങളിലൂടെയുള്ള വിശകലനങ്ങൾ, നിർദ്ദേശങ്ങൾ, ചർച്ചകൾ എന്നിവയുടെ ഫലമായി ഉരുത്തിരിഞ്ഞ 2023-24 വാർഷികപദ്ധതി പ്രോജക്ടുകൾക്ക് 22-01-2024 ലെ പഞ്ചായത്ത്കമ്മിറ്റിയുടെ 1(3) നമ്പർ തീരുമാനംപ്രകാരം അന്തിമ അംഗീകാരം നല്കുകയുണ്ടായി. വാർഷിക പദ്ധതിക്ക് 83898/23 /DPC/DPO/KTM തീയതി 29/01/2024ഉത്തരവിലൂടെ ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചു.

വാർഷിക പദ്ധതിയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പിലാക്കിയത്	പദ്ധതി അടങ്കൽ	ചെലവ്	ചെലവ് ശതമാനം
163	96	77191998	37654789	49

അംഗീകാരം ലഭിച്ച 163 പ്രോജക്ടുകളിൽ 96 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 42 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. അവയിൽ 26 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്.

വിവിധനിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾ

പദ്ധതി നിർവ്വഹണചുമതല 12 ഉദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	**നിർവഹണ ഉദ്യോഗസ്ഥൻ**	**പ്രോജക്ടുകൾ**	**നടപാക്കിയത്**	**ആകെ വകയിരുത്തൽ**	**ചെലവ്**	**ചെലവ് ശതമാനം**
1	കൃഷി ഓഫീസർ	7	6	3128722	2234331	71
2	വെറ്ററിനറി സർജൻ	4	4	2731000	1109424	41
3	മെഡി.ഓഫീസർ, പി.എച്ച്.സി	6	5	2004334	1524432	76
4	മെഡി.ഓഫീസർ, ആയുർവേദം	2	2	850000	815317	96
5	ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	1	280000	112000	40
6	വി.ഇ.ഒ	16	14	21862318	16214427	74
7	ഐ.സി.ഡി.എസ് സൂപ്പർവൈസർ	4	4	3886417	3160098	81
8	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	1500000	1483037	98
9	സെക്രട്ടറി	37	25	5786258	3040530	53

10	അസി.എൻജിനീയർ	73	24	33114599	6221586	19
11	ഹെഡ് മാസ്റ്റർ	6	6	1138300	1124900	99
12	അസി.സെക്രട്ടറി	6	4	910050	614707	68
ആകെ		163	96	77191998	37654789	49

വാർഷികപദ്ധതി- നടപടിക്രമങ്ങൾ, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് വിവരങ്ങൾ

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവിധ മീറ്റിംഗുകൾ സമയക്രമം പാലിച്ച് നടത്തുകയുണ്ടായി. മീറ്റിംഗുകളുടെ മിനിറ്റ്സ് മതിയായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും എല്ലാ നിർവഹണ ഉദ്യോഗസ്ഥരും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

വാർഷിക പദ്ധതിക്കായി ആകെ വകയിരുത്തിയ 77191998/-രൂപയിൽ ചെലവഴിച്ചത് 37654789/രൂപ മാത്രമാണ്.

സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ 42 പ്രോജക്ടുകളിൽ 26എണ്ണം നടപ്പാക്കി. അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയ 33114599/-രൂപയിൽ 19% മാത്രമാണ് (6221586) ചെലവഴിച്ചത്. നടപ്പിലാക്കിയ പല പ്രോജക്ടുകളുടെയും ബില്ലുകൾ യഥാസമയം മാറാനും സാധിച്ചില്ല. പല സ്പിൽ ഓവർ പ്രോജക്ടുകളും നടപ്പാക്കാത്തതിൽ നിന്ന് പ്രോജക്ടുകൾ രൂപീകരിക്കുന്നത് ആവശ്യകതയുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിലല്ല എന്നാണ് വ്യക്തമാക്കുന്നത്.

ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ അനിവാര്യത, പ്രായോഗികക്ഷമത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. .

ലാപ്സായഗ്രാന്റ് തുകകൾ

സംരക്ഷണഗ്രാന്റ് റോഡിനത്തിൽ തൻവർഷം ലഭിച്ചത് 11031350/-രൂപയാണ്. എന്നാൽ വിവിധ പ്രവൃത്തികളിലായി ചെലവഴിച്ചത് 3796188/-രൂപ മാത്രമാണ്. അതായത് ആകെ ചെലവഴിച്ചത് 34%. എന്നാൽ വിവിധ പ്രോജക്ടുകളുടേതായി 6754969/-രൂപയുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂ വിലായതാണ് ചെലവ് ഇത്രയും കുറയുന്നതിന് കാരണമായത്. 6056532/-രൂപയുടെ ബില്ലുകൾ 2024-25 ൽ മാറിയിട്ടുണ്ട്.

സംരക്ഷണഗ്രാന്റ് റോഡിതരം ഇനത്തിലും 526042/രൂപയുടെ ബില്ലുകൾ ക്യൂ വിലായിരുന്നത് 2024-25 ൽ മാറിയിട്ടുണ്ട്. ഈ ബില്ലുകളെല്ലാം തന്നെ അസി.എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളുടേതായിരുന്നു. പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ എത്തിക്കുന്നത് സാമ്പത്തികവർഷാവസാനദിവസം ആക്കുന്നത് ഒഴിവാക്കി യഥാസമയം ബില്ലുകൾ മാറാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	383282
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	7235162
മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്	591057
ആകെ	8209501/-

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്ന് പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മിക്കവാറും നിഷ്ക്രിയാവസ്ഥയിലായിരുന്നുവെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2023-24 വർഷം 24 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 14 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 1179 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 212 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 48 പ്രവൃത്തികൾ പൂർത്തിയാക്കി. 41322 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 129 അയൽക്കൂട്ടങ്ങളിൽ 125 എണ്ണം തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 644 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കല്ലുകയ്യാല, മഴക്കുഴി നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ ചെലവുകൾ	5035	1194123	1199158	1197460	1698
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	16926218	16926218	16926218	0

1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമ പദ്ധതി	**ചെലവഴിച്ച തുക**	**ഗുണഭോക്താക്കളുടെ എണ്ണം**
വാർദ്ധക്യ കാല പെൻഷൻ	17,535,800	13,468
കർഷക തൊഴിലാളി പെൻഷൻ	2,398,600	1549
വിധവ പെൻഷൻ	4,842,000	3127
50 വയസ്സിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	320,000	200
വികലാംഗ പെൻഷൻ	2,005,400	1301
തൊഴിൽ രഹിത വേതനം	480	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2024 ന് 4.00 പി എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. 2777/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ തയാറാക്കിയിട്ടുണ്ട്. എന്നാൽ ദുരിതാസ്വാസനിധി അക്കൗണ്ടിന്റെ റികൺസിലിയേഷൻ നടത്തിയിട്ടില്ല. തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപന രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ മതിയായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടില്ല. മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടുണ്ട്. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാടക, ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ, എന്നിവയുടെ വരവുകളുടെ ഡി.സി.ബി തയാറാക്കിയിട്ടില്ല. വസ്തുനികുതി ഉൾപ്പെടെയുള്ള നികുതിപിരിവുകൾ കാര്യക്ഷമമായിരുന്നു. നികുതി പിരിവിലുൾപ്പെടെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഭരണസമിതി നടത്തിയിട്ടുള്ളതായി മിനിറ്റ്സ് ബുക്കുകളിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 89 മുറികൾ വാടകയ്ക്ക് നല്കുവാനുണ്ടെങ്കിലും വാടകയ്ക്ക് മുറികൾ നല്കുന്നത് സംബന്ധിച്ച, നിബന്ധനകൾ ഉൾപ്പെടുത്തിയ ബൈലോ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് വക പൊതുശ്മശാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച അംഗീകൃത നിയമാവലിയും സൂക്ഷിച്ചിട്ടില്ല. ശ്മശാനം സംബന്ധിച്ച രജിസ്റ്റർ അപൂർണ്ണമായും അശ്രദ്ധമായുമാണ് സൂക്ഷിച്ചിട്ടുള്ളത്. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് വേണ്ടത്ര ഇടപെടലുകൾ ഉണ്ടാവാത്തതും, സെക്ഷൻ ഉദ്യോഗസ്ഥർക്ക് കൃത്യമായ നിർദ്ദേശങ്ങൾ യഥാസമയം നല്കാത്തതും രജിസ്റ്ററുകളുടയും രേഖകളുടെയും സൂക്ഷിപ്പിലെ പിഴവുകൾക്ക് കാരണമാണ്.

വാർഷികപദ്ധതി പ്രോജക്കുകളുടെയും തനത് ഫണ്ട് ചെലവുകളുടെയും വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവ് പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടില്ല. സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പല മരാമത്ത് പ്രോജക്കുകളും നടപ്പാക്കിയില്ല. നടപ്പിലാക്കിയ പല പ്രോജക്കുകളുടെയും ബില്ലുകൾ യഥാസമയം മാറാൻ സാധിക്കാതെ കൃ വിലായതിനാൽ സംരക്ഷണഗ്രാന്റ് റോഡ് ഇനത്തിൽ തുക ലാപ്സായിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല.

ആഭ്യന്തരനിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച നമ്പർ തീയ്യതി
പെർഫോമൻസ് ഓഡിറ്റ്	18.07.2022	01/2022 -3/2022	റിപ്പോർട്ട് ലഭിച്ചിട്ടില്ല

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	13.01.2017 മുതൽ 28.01.2017 വരെ	2011-12 മുതൽ 2015-16 വരെ	LBA(HQ)II/I /BA-2560- /16-17/435 തീയ്യതി 03.03.2017

1-11 വിവിധ തുകകൾ ക്രമീകരിക്കാതെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1)വാർഷിക കണക്കിന്റെ B9 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ സർക്കാരിലേക്ക് അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഹെഡ്	ഇനം	തുക
350300108	റോയൽറ്റി തുക	40000/-
350300112	കോർട്ട് ഫീ സ്റ്റാമ്പ് തുക	665/-
350300199	കാലി ബാരൽ വില, FDT തുക	7580/-

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 3/10.08.24) നൽകുകയുണ്ടായി. 2014-15 വർഷം ലാൻഡ് ഡെവലപ്പ്മെന്റ് പെർമിറ്റ് നൽകിയ 8 പേരിൽ നിന്നും 5000/- രൂപ വീതം ദുരിതാശ്വാസനിധിയിലേക്ക് ഈടാക്കിയ തുകയാണ് 40000/- രൂപയെന്നും ഹെഡ് കറക്ഷൻ നടത്തി തുക ക്രമീകരിക്കുമെന്നും മറുപടി ലഭ്യമാക്കി.

ഇ-പേയ്മെന്റ് മുഖാന്തിരം കോർട്ട് ഫീ ഇനത്തിൽ ലഭിച്ച തുകയാണ് 665/- രൂപയെന്നും ആയത് തിരിച്ചടക്കുന്നത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കി.

അസി.എഞ്ചിനീയർ നൽകിയ കാലി ബാരൽ വിലയായ 26414/- രൂപ (22-23 ലേത്) തെറ്റായി 350300199 എന്ന ഹെഡിൽ എടുത്തത്, സർക്കാരിലേക്ക് അടവാക്കുമെന്ന് മറുപടി ലഭിച്ചു. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് അടവാക്കേണ്ട ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സായ 1166/- രൂപയും ഈ ഹെഡിലാണ് ബുക്ക് ചെയ്തിരിക്കുന്നത് . AITE യുടെ വേതനമിനത്തിലുള്ള 20000/- രൂപയുടെ ചെലവ് തെറ്റായി ഈ ഹെഡിലൂടെ നിർവ്വഹിച്ചതിനാൽ നിലവിൽ 7580/- രൂപ മാത്രമാണ് ടി ഹെഡിലുള്ളത്.

അപാകതകൾ പരിഹരിച്ച് സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ അടവാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
കൂടാതെ 2023-24 വർഷം ടാർ ബാരൽ വിലയിനത്തിൽ ഈടാക്കിയ 16181/രൂപയും ബന്ധപ്പെട്ട ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

2) 350300101 ഹെഡിൽ Stale Cheque ഇനത്തിൽ 30908/- രൂപ നാളിതുവരെ ക്രമീകരിക്കാതെ സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ കാലപ്പഴക്കം കണക്കാക്കി തനത് ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല.

കമ്മറ്റിത്തീരുമാനമെടുത്ത് അപാകതകൾ പരിഹരിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയത് . അപാകതകൾ പരിഹരിച്ച ശേഷം രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-12 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായില്ല

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 15/09/2023 ലെ 2/1 തീരുമാനത്തിൽ നികുതി നിരക്കുകൾ നിശ്ചയിച്ചു. വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ നിരക്കുകൾ പരിഷ്കരിച്ച് 21.10.23 ലെ 2/1 തീരുമാനപ്രകാരം അന്തിമമാക്കി വിജ്ഞാപനം

ചെയ്തിട്ടുള്ളതാണ്.

2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്കും പരിഷ്കരിക്കാത്ത നികുതി നിരക്കിന്റെ 5% വർദ്ധിച്ച നിരക്കാണ് നിർണ്ണയിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാകുന്നത്. ഏതാനും ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങൾക്ക് ചുമത്തിയ നികുതി നിരക്കിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

ഉപയോഗക്രമം	നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക്(രൂപ)	നിർണ്ണയിക്കേണ്ട നിരക്ക്(രൂപ)	വ്യത്യാസം(രൂപ) ചതുരശ്ര മീറ്ററിന്
പാർപ്പിടാവശ്യം (300 ച.മീ. വരെയുള്ളവ)	6.3	7	0.7
പാർപ്പിടാവശ്യം (300 ച.മീറ്ററിന് മുകളിലുള്ളവ)	6.3	8	1.7
വാണിജ്യാവശ്യം-മാളുകൾ	84	100	16

ഇപ്രകാരം നികുതി ചുമത്തിയതിനാൽ നികുതിയിൽ കുറവുണ്ടായ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

ക്രമ നം	കെട്ടിട നം., കെട്ടിട ഉടമ	ഉപയോഗക്രമം	വിസ്തീർണ്ണം(ച.മീ.)	നിർണ്ണയിച്ച നികുതി നിരക്ക് (ച.മീ.)	നിർണ്ണയിക്കേണ്ടിയിരുന്ന നികുതി നിരക്ക്
1	1/83 D ജോസി ജെ പറമുണ്ടയിൽ	പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ	248.03	6.3	7
2	1/177 A, സെബിൻ ജോസ്	പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ	423.04	6.3	8

		സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ			
3	2/266 B, ബിൻസ് ജോൺ	വാണിജ്യാവശ്യം-മാളുകൾ	228.58	84	100
4	9/136 C, ജയചന്ദ്രൻ റ്റി.	വാണിജ്യാവശ്യം-മാളുകൾ	214.05	84	100

ഇപ്രകാരം പഴയ നികുതി നിരക്കിൽ (പഴയനിരക്കിന്റെ 5% മാത്രം വർധനവിൽ) 01/04/2023 ന ശേഷവും നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടാകുന്നതായി കാണുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/12.8.24) മറുപടി ലഭ്യമായില്ല. നികുതി പരിഷ്കരണത്തിൽ അപാകത സംഭവിച്ചിട്ടുള്ള മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെയും മറ്റ് സമാന കെട്ടിടങ്ങളുടെയും നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വസ്തുനികുതി പരിഷ്കരണം- നടപടികൾ പൂർത്തിയായില്ല

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണത്തോടൊപ്പം നിലവിൽ പഞ്ചായത്തിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി ആവശ്യമായ ഫീൽഡ് പരിശോധനയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനും 30.6.2023 ന് മുമ്പായി പൂർത്തിയാക്കുന്നതിനും നിർദേശിച്ചിരുന്നു. വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി യോഗ്യതയുള്ളവരെ നിയമിക്കേണ്ടതാണെന്നും വിവരശേഖരണം ഏത് വിധത്തിൽ ലഭ്യമാക്കിയാലും സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10 ശതമാനത്തിൽ കുറയാത്ത എണ്ണം കെട്ടിടങ്ങളുടെ വിവരം സെക്രട്ടറിമാർ ചുമതലപ്പെടുത്തുന്ന ഉദ്യാഗസ്ഥർ നേരിട്ട് പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനും നിർദേശം നൽകിയിട്ടുള്ളതാണ്. വിവരശേഖരണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും 10 ശതമാനം കെട്ടിടങ്ങളുടെ വിവരങ്ങൾ മേൽ പരിശോധന നടത്തി വിവരശേഖരണത്തിന്റെ കൃത്യത ഉറപ്പാക്കിയത് സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/12.8.24) മറുപടി ലഭ്യമായില്ല. ഫീൽഡ് പരിശോധനയ്ക്ക് രണ്ടു പേരെ നിയോഗിച്ചിട്ടുണ്ടെങ്കിലും നടപടികൾ പൂർത്തിയായിട്ടില്ല. സഞ്ചയയിൽ ശേഖരിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യാനുള്ള സാങ്കേതിക നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടില്ലാത്തതിനാൽ ശേഖരിച്ച വിവരങ്ങൾ കൂട്ടിചേർക്കാനായിട്ടില്ല. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരശേഖരണവും മേൽപരിശോധനയും പൂർണ്ണമാക്കി വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 വസ്തുനികുതി പരിഷ്കരണം-പുതുക്കിയ നിരക്കുകൾ പഞ്ചായത്ത് നിശ്ചയിച്ചതിലെ അപാകതകൾ

സ.ഉ.(അച്ചടി) നം.25/2023/LSGD/5.4.23 നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 17/05/2023 ലെ 2/1 തീരുമാനത്തിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിരുന്നു. എന്നാൽ പുതുക്കി നിശ്ചയിച്ച പല നിരക്കുകളും നിലവിൽ ഈടാക്കി വന്നതിൽ നിന്നും കുറവായതിനാലും ചില നിരക്കുകളിൽ അപാകതകൾ ബോധ്യപ്പെട്ടതിനാലും 15.09.23 2(1) തീരുമാനപ്രകാരം നിരക്കുകൾ

പുതുക്കി നിശ്ചയിച്ചിരുന്നു. പരിഷ്കരിച്ച നിരക്കുകൾ, റോഡ്, മേഖല തരം തിരക്കലുകൾ എന്നിവ 21.10.23 ലെ 2/1 തീരുമാനപ്രകാരം അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട ഏതാനും അപാകതകൾ ചുവടെ ചേർക്കുന്നു.

1. അന്തിമ വിജ്ഞാപന പ്രകാരം റോഡുകളുടെ തരം തിരിവുകൾ നടത്തിയത് താഴെകൊടുക്കും പ്രകാരമാണ്.

ഒന്നാം തരം റോഡുകൾ(5 മീറ്ററോ അതിൽ കൂടുതലുള്ളതോ) -37 റോഡുകൾ

രണ്ടാം തരം റോഡുകൾ (1.5 മീറ്ററിൽ കൂടുതലുള്ളവ)- 162 റോഡുകൾ

മൂന്നാം തരം റോഡുകൾ (1.5 മീറ്ററോ അതിൽ കുറവുള്ളതോ)-49 റോഡുകൾ.

ആകെ 248 റോഡുകൾ തരം തിരിച്ചിട്ടുണ്ടെങ്കിലും നിലവിലും സഞ്ചയ പ്രകാരം 131 റോഡുകളുടെ വിവരങ്ങൾ മാത്രമാണ് റോഡ് മാസ്റ്ററിൽ ചേർത്തിട്ടുള്ളത്.

2. പഞ്ചായത്ത് കമ്മിറ്റിയുടെ 15.09.23 2(1) തീരുമാനപ്രകാരം അപാകതകൾ പരിഹരിച്ച് നിരക്കുകൾ പുതുക്കി നിശ്ചയിച്ചെങ്കിലും വാണിജ്യാവശ്യത്തിനുള്ള - 100ച.മീ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ പഴയ നിരക്കിലും കുറഞ്ഞ നിരക്കാണ് നിശ്ചയിച്ചതെന്ന് കാണുന്നു. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്ന ഉപയോഗക്രമത്തിന്റെ പഴയ നിരക്ക് ച.മീറ്ററിന് 65 രൂപയും, വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവയക്ക് നിലവിലെ പുതുക്കിയ നിരക്ക് 60 രൂപയുമായാണ് നിശ്ചയിച്ചത്. ആയതിനാൽ മുൻവർഷങ്ങളിൽ ഈ ഉപയോഗക്രമത്തിൽ വസ്തുനികുതി ഈടാക്കിയിട്ടുള്ള കെട്ടിട ഉടമകളിൽ നിന്നും കൂടിയ നിരക്കും പുതിയ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കും ഈടാക്കി വരുന്നതിന് കാരണമായിട്ടുണ്ട്. 2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതലായ രണ്ട് കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം., ഉടമ	വിസ്തീർണ്ണം (ച.മീ.)	ഈടാക്കിയ നിരക്ക് (രൂപ)
1	6/295 B, റോബർട്ട് ജേക്കബ്, ബിജോയി ജേക്കബ്	237.06	60
2	7/166 B, ജേക്കബ് സെബാസ്റ്റ്യൻ	185.52	65

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും നിർവഹിക്കുന്നതിലേക്ക് പഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമായതിനാലാണ് നിരക്കുകൾ പുതുക്കി സർക്കാർ വിജ്ഞാപനം വന്നിട്ടുള്ളത്. പഴയ നിരക്കിലും കുറവായി വസ്തുനികുതി, പുതുക്കിയ നിരക്ക് നിർണയിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/12.8.24) മറുപടി ലഭ്യമായില്ല.

3. വസ്തുനികുതി നിരക്കുകളോടൊപ്പം വഴിയുടെ തരം തിരിവ് കണക്കാക്കി വിജ്ഞാപനം പുറപ്പെടുവിച്ചതിൽ ധാരാളം അപാകതകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് കാണുന്നു. വിജ്ഞാപന പ്രകാരവും ആസ്തി രജിസ്റ്റർ പ്രകാരവും ഇത്തരത്തിൽ വ്യത്യാസം വന്നിട്ടുള്ള ഏതാനും റോഡുകളുടെ വിവരങ്ങൾ സംബന്ധിച്ച ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	റോഡിന്റെ പേര്	വിജ്ഞാപനപ്രകാരം റോഡിന്റെ തരം	ആസ്തി രജിസ്റ്റർ പ്രകാരം

			റോഡിന്റെ വീതി (മീറ്ററിൽ)
1	കുമ്പളക്കുഴി റോഡ്	1.5 മീറ്ററിൽ കൂടുതലുള്ള റോഡ് (രണ്ടാം തരം)	5
2	ബാലവാടി-നെല്ലിക്കുന്ന് റോഡ്	1.5 മീറ്ററിൽ കൂടുതലുള്ള റോഡ് (രണ്ടാം തരം)	5.3
3	കല്ലുവേലി -ജയഗിരി	1.5 മീറ്ററിൽ കൂടുതലുള്ള റോഡ് (രണ്ടാം തരം)	7.2
4	മണ്ണാക്കുഴി-ഞരക്കോലി	1.5 മീറ്ററിൽ കൂടുതലുള്ള റോഡ് (രണ്ടാം തരം)	6
5	ഗോവിന്ദപുരം കോളനി റോഡ്	1.5 മീറ്ററിൽ കൂടുതലുള്ള റോഡ് (രണ്ടാം തരം)	5

തെറ്റായി റോഡിന്റെ തരം വിജ്ഞാപനം ചെയ്തിട്ടുള്ളത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/12.8.24) മറുപടി ലഭ്യമായില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-15 400 കെ വി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ-വസ്തുനികുതി നിർണയിച്ചില്ല

കുറവിലങ്ങാട് പഞ്ചായത്തിലെ 400 കെവി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ 12.11.23 ൽ ഉദ്ഘാടനം നിശ്ചയിക്കുയും 7.11.23 ലെ 6/1 കമ്മിറ്റി തീരുമാന പ്രകാരം ഉദ്ഘാടനത്തിന് പഞ്ചായത്ത് ബസ് സ്റ്റാന്റ് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിശോധനയിൽ പ്രസ്തുത സബ് സ്റ്റേഷനുമായി ബന്ധപ്പെട്ട് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലെന്ന് സഞ്ചയ പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (10/12.8.24) മറുപടി ലഭ്യമായില്ല. ഓഫീസ് കെട്ടിടങ്ങളും വാണിജ്യാവശ്യത്തിനുള്ള ധാരാളം നിർമ്മിതികളും ഉൾപ്പെട്ട സബ് സ്റ്റേഷൻ സമുച്ചയം ഫീൽഡ് പരിശോധന നടത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. 2023-24 വർഷത്തെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ കണക്കാക്കി വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി

				നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	3/201 A	റോയി ജോസഫ്	മുട്ടുങ്കൽ-മുക്കവലക്കുന്ന് റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
2	3/80 A	എം.ഡി. സെബാസ്റ്റ്യൻ		5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
3	3/259 C	ബിബിൻ മാത്യു		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
4	3/65 B	പി.എൻ.ബിജുകുമാർ		5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
5	3/7 B	റോയി ജോസഫ്	മുട്ടുങ്കൽ-കരോട്ടുഭാഗം റോഡ്	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
6	3/54 A	ഷാന്റി ജോസഫ്		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
7	4/394 A	സുരേഷ് ബാബു	കോഴ ഞീഴൂർ റോഡ്	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
8	4/306 B	ജോസഫ് ജോസഫ്		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
9	9/142 A	സിറിയക് ജോസഫ്	കുര്യം വയല റോഡ്	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
10	9/310 A	തോമസ്		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
11	9/117 C	ആശ ജോസ്		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/12.8.24) മറുപടി ലഭ്യമായില്ല. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-17 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

സ.ഉ.(അച്ചടി) നം.25/2023/LSGD/5.4.23 നം. വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ ഉപയോഗക്രമങ്ങളിലുള്ള നികുതി നിരക്കുകളും റോഡ്, മേഖല തരം തിരക്കലുകളും നിശ്ചയിച്ച് 21.10.23 ലെ 2/(1) തീരുമാനപ്രകാരം അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവയ്ക്ക് നികുതി നിരക്ക് ച.മീറ്ററിന് 7 രൂപയും 300 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 8 രൂപയുമായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 2023-24 സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള 300 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള 300 ച.മീറ്റർ വരെയുള്ളവ എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

ക്രമ നം	കെട്ടിട നം., ഉടമ	വിസ്തീർണ്ണം (ച.മീ.)	നിർണ്ണയിച്ച നിരക്ക്,തുക(ഇളവുകളും വർദ്ധനവും അനുവദിച്ചതിന് ശേഷമുള്ളത്)		നിർണ്ണയിക്കേണ്ട നിരക്ക്, തുക (ഇളവുകളും വർദ്ധനവും അനുവദിച്ചതിന് ശേഷമുള്ളത്)	
1	3/6 A, ജിനോ സെബാസ്റ്റ്യൻ	407.76	7	3621	8	3938
2	2/146 A, ജോ ജെയിംസ്	332	7	2820	8	3068
3	365.79, സോണിമോൻ ജോസഫ്	365.79	7	2681	8	2765

നികുതി കുറവായി നിർണ്ണയിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/12.8.24) മറുപടി ലഭ്യമായില്ല. വസ്തുനികുതി നിർണ്ണയത്തിലെ അപാകതക പരിശോധിച്ച് നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2023-24 ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	സപ്ലൈക്കോ കുറവിലങ്ങാട്
2	അക്ഷയ സെന്റർ, തോട്ടുവ
3	അബി ഇൻഡസ്ട്രീസ്
4	ബജാജ് റോയൽ മോട്ടോർസ്
5	ആൾമെഡ് വെൽനെസ്
6	ലാൻഡ്സ് ഇൻഡസ്ട്രീസ്
7	അമൽ ജ്യോതി ഇൻഡയിൻ സർവീസസ്
8	മത്സ്യഫെഡ് ഫിഷ് മാർട്ട്
9	വിറ്റ അപ് റിസർച്ച് & റെമഡീസ് പ്രൈവറ്റ് ലിമിറ്റഡ്
10	എസ്. ജെ. സ്റ്റീൽ ഇൻഡസ്ട്രീസ്
11	ആന്റണീസ് ടെക് സ്റ്റൈൽസ്
12	കാർലൈൻ ഓട്ടോമൊബൈൽസ്
13	ഇ.കെ. ഏജൻസീസ്
14	ഹോളി ഫാമിലി ദന്തൽ കെയർ
15	സെന്റ് മേരീസ് ദന്തൽ ക്ലിനിക്
16	രാഗം ടെക്സ്റ്റൈൽസ്

17	ഏഥർ ഡിപ്പോ
18	ഡോറ ബ്രൈഡൽ ബോട്ടിക്

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/16.8.24) മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങൾ കൂടാതെ പൊതുവിതരണ കേന്ദ്രങ്ങൾ, പഞ്ചായത്ത് പരിധിയിലെ കള്ളുഷാപ്പുകൾ, ക്ഷീരോദ്പാദക സംഘങ്ങൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ലെന്നു കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടു വരുന്നവർ അടവാക്കേണ്ട തൊഴിൽ നികുതി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2023-24 ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	എസ് ബി ഐ കോഴ	1&2
2	സപ്ലൈക്കോ	1&2
3	കാനറ ബാങ്ക്	1&2

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/16.8.24) മറുപടി ലഭ്യമായില്ല. സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 ഷോപ്പിംഗ് കോപ്ലക്സ് വാടക -പൂർണ്ണമായും ലഭ്യമായിട്ടില്ല

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2023-24 വർഷം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും പ്രകാരം വാടക കുടിശ്ശിക നിലനിൽക്കുന്നു .

ക്രമ നം	വാടകക്കാരന്റെ പേര്	ഷോപ്പിംഗ് കോംപ്ലക്സ് / റൂം നമ്പർ	പ്രതിമാസ വാടക + (18% GST)	വാടകകുടിശ്ശിക യുള്ള കാലയളവ്
1	ലിജോ ബാബു കളപ്പുരയ്ക്കൽ	മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് MSC 11	28665+5160 (GST)	04/2023 - 03/2024
2	ബിൻസെന്റ് കൊച്ചുപുരയ്ക്കൽ	മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് MSC 28	3087+556 (GST)	04/2023 - 03/2024
3	സി.കെ സന്തോഷ് ചൊള്ളനാൽക്കുന്നേൽ	ഓൾഡ് പഞ്ചായത്ത്	591+106 (GST)	04/2023 - 03/2024

		ഷോപ്പിംഗ് കോംപ്ലക്സ് OPSC 71		
4	ബെന്നി കൊച്ചേരിൽ	ഓൾഡ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് OPSC 72	1520+274 (GST)	04/2023 - 03/2024
5	ക്രിസ്സ് വർഗ്ഗീസ് പാലയക്കൽ	ഓൾഡ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് OPSC 74	602+108 (GST)	04/2023 - 03/2024
6	രാഹുൽ ഇടവപ്പറമ്പിൽ	ഓൾഡ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് OPSC 78	4135+744 (GST)	04/2023 - 03/2024

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/12.08.2024) വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമനടപടികൾ പൂർത്തീകരിച്ച് കുടിശ്ശിക മുറി വാടക+18% GST+ കുടിശ്ശിക വരുത്തിയ കാലത്തേയ്ക്കുള്ള പിഴപ്പലിശ എന്നിവ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2.) 2023-24 വർഷത്തിന് മുൻപുള്ള വർഷങ്ങളിലെ വാടക കുടിശ്ശികയായി 6,46,127/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ (വാടകക്കാരന്റെ പേര്, മുറി, കുടിശ്ശിക തുക, കാലയളവ് ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (14/12.08.2024) നൽകിയതിന് മറുപടിയായി രജിസ്റ്റർ പ്രകാരം 494100/-രൂപയാണ് മുൻവർഷങ്ങളിലെ വാടക (കുടിശ്ശിക) എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും കുടിശ്ശികക്കാരുടേയും കുടിശ്ശിക തുകകളുടേയും കൃത്യമായ വിവരം നൽകിയിട്ടില്ല. കുടിശ്ശികക്കാരുടേയും കുടിശ്ശിക തുകകളുടേയും കൃത്യമായ വിവരം കണക്കാക്കി സാക്ഷ്യപ്പെടുത്തി നൽകേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-21 ഇ ടെന്റർ ഫീസ് ലഭ്യമായില്ല.

2023-24 വർഷം അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഇ ടെന്ററുകളുടെ ഫീസ് നിലവിലും പഞ്ചായത്തിന് ലഭ്യമായിട്ടില്ല. 2023-24 ൽ 15 പ്രവൃത്തികൾ ഇ ടെന്റർ ചെയ്തതിന്റെ ഫീസ് ആയി 34465/-ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി അസി.എൻജിനീയർ അറിയിച്ചിട്ടുണ്ട്.

കൂടാതെ 2022-23 ൽ ലഭിക്കേണ്ടിയിരുന്ന 24800/-രൂപയും ലഭ്യമായിട്ടില്ല. (മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് പരാമർശം)

പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ടെർമിനൽ സറണ്ടർ നൽകൽ - ലീവ് അക്കൗണ്ട് കൃത്യമാക്കിയില്ല.

28.2.2023 ന് സേവനത്തിൽ നിന്നും വിരമിച്ച അസി.സെക്രട്ടറി ശ്രീമതി സാവിത്രി വി.ആർ ന് വൗച്ചർ നമ്പർ 22300299/4.6.23 പ്രകാരം 131 ദിവസത്തെ ടെർമിനൽ സറണ്ടറായി 2,73,856/-രൂപ നൽകിയിട്ടുണ്ട്. ജീവനക്കാരിയുടെ സേവനപുസ്തകം പരിശോധിച്ചപ്പോൾ 01.04.22 മുതൽ 28.02.23 വരെയുള്ള സേവനകാലയളവ് ആർജിതാവധിക്കായി പരിഗണിച്ചിട്ടില്ല എന്ന് കാണുന്നു (സേവനപുസ്തകം പേജ് നമ്പർ 116).

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/12.08.2024) അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്.

1-23 തെരുവുവിളക്കുകളുടെ എ.എം.സി - ടെണ്ടർ നിബന്ധന പാലിച്ചില്ല.

പ്രോജക്റ്റ് നമ്പർ	57/24
അടങ്കൽ, ഫണ്ടിനം	10,00000/- (928000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്)+(72000/-തനത് ഫണ്ട്)
ചെലവ്	365000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ബിൽ നമ്പർ, തീയതി	219/16.3.24
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ തെരുവുവിളക്കുകളും ഒരു വർഷത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ആകെ 10,00000/- രൂപ വകയിരുത്തി തൻവർഷം നടപ്പാക്കിയ പ്രോജക്റ്റാണിത്. ആയതിലേയ്ക്ക് 8.8.2023 ലെ റീ ഇ.ടെണ്ടറിൽ ചുവടെ ചേർക്കും പ്രകാരം മൂന്ന് ടെണ്ടറുകൾ ലഭിച്ചു.

സ്ഥാപനം/വ്യക്തി	ടെണ്ടർ ചെയ്ത നിരക്ക്
യുണൈറ്റഡ് എനർജി സിസ്റ്റം	ഒരു ലൈറ്റിന് 595/- രൂപ
കെ.എം.ആർ ഇലക്ട്രിക്കൽ എൻജിനീയറിംഗ് ആന്റ് കോൺട്രാക്റ്റേഴ്സ്	ആകെ 8,50000/-
അഭിലാഷ് കെ.എസ്	ആകെ 9,50000/-

കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം എന്ന് കണക്കാക്കി 15.9.2023 ലെ കമ്മറ്റിയുടെ 1(1) നം. തീരുമാനപ്രകാരം യുണൈറ്റഡ് എനർജി സിസ്റ്റത്തിന്റെ ടെണ്ടർ അംഗീകരിച്ച് 9.10.2023 ൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടു. ടെണ്ടർ പരസ്യത്തിന്റെ മൂന്നാമത്തെ നിബന്ധന എല്ലാ നികുതിയും ഉൾപ്പെടെയുള്ള തുകയാണ് ടെണ്ടർ നിരക്കായി രേഖപ്പെടുത്തേണ്ടത് എന്നാണ്. എന്നാൽ ടെണ്ടർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി സ്ഥാപനം ക്വോട്ട് ചെയ്ത 595/- രൂപയുടെ കൂടെ 18% ജി.എസ്.റ്റി കൂടി കൂട്ടി ഒരു ലൈറ്റിന് 702.1/- രൂപ നിരക്കിൽ കരാറുകാരന് നൽകാൻ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

13.11.2023 ൽ കരാറുകാരൻ ചുവടെ ചേർക്കും പ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് തുക ഡിമാന്റ് ചെയ്തു.

ആകെ വേലമൂല്യം	847457/-
(+) CGST(9%)	76271
(+) SGST(9%)	76271

ആകെ	10,00000/-

പാർട്ട് പേയ് മെന്റായി തൻവർഷം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 365000/- രൂപ കരാറുകാരന് നൽകുകയും ചെയ്തു. കെ.എം.ആർ ഇലക്ട്രിക്കൽ എൻജിനീയറിംഗ് ആന്റ് കോൺട്രാക്ടേഴ്സ് 8,50000/- രൂപയ്ക്ക് പ്രവൃത്തി നിർവ്വഹിക്കാം എന്ന് ക്വോട്ട് ചെയ്തതാണ്. അതായത് യുണൈറ്റഡ് എനർജി സിസ്റ്റത്തിന് കരാർ നൽകിയതിലൂടെ പഞ്ചായത്തിന് 150000/- രൂപ അധികമായി ചെലവഴിക്കേണ്ടി വരും. മറ്റ് സ്ഥാപനങ്ങളുമായി നിരക്ക് സംബന്ധിച്ച് നെഗോഷ്യേറ്റ് ചെയ്തിട്ടുമില്ല.

പ്രൊക്യൂർമെന്റ് കമ്മറ്റിത്തീരുമാനം, യുണൈറ്റഡ് എനർജി സിസ്റ്റം എന്ന സ്ഥാപനം ആകെ നന്നാക്കിയ ലൈറ്റുകളുടെ വാർഡ് തലത്തിൽ ക്രോഡീകരിച്ച ലിസ്റ്റ് എന്നിവ ഉൾപ്പെടെ ലഭ്യമാക്കി അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ02/10.08.2024) അപാകത പരിഹരിച്ച് മാത്രമേ ഫൈനൽ ബില്ല് നൽകു എന്ന് മറുപടി ലഭ്യമാക്കി.പഞ്ചായത്തിൽ നിലവിൽ പ്രവർത്തനക്ഷമമായതും അവയിൽ ആകെ നന്നാക്കിയതുമായ വിവിധയിനം ലൈറ്റുകളുടെ വാർഡ് തിരിച്ചും വർഷം തിരിച്ചുമുള്ള എണ്ണം ക്രോഡീകരിച്ച് സ്ട്രീറ്റ് ലൈറ്റ് രജിസ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിച്ച് പഞ്ചായത്തിന് നഷ്ടമുണ്ടാകാതെ തുടർവർഷത്തിൽ ബിൽ തുക ക്രമീകരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്. ആയതുവരെ ടി പ്രോജക്ടിനായി തൻവർഷം ചെലവഴിച്ച 365000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കുടിശ്ശിക - രേഖകൾ ലഭ്യമായില്ല.

ഗ്രാമലക്ഷ്മി മുദ്രാലയത്തിന് വൗച്ചർ നമ്പർ 22300254/11.6.23 പ്രകാരം 85,374/- രൂപ കുടിശ്ശികയിനത്തിൽ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. പര്യാപ്തമായ തനത് ഫണ്ട് ലഭ്യമായ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ കുടിശ്ശിക വരാൻ സാധ്യതയില്ലാത്തതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 15.5.23 ലെ KREWS/A/803/2022 നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്ന് മനസ്സിലാകുന്നു. എന്നാൽ ഗ്രാമലക്ഷ്മിയിൽ നിന്നുള്ള പെൻഡിംഗ് ഡിമാന്റ് ലെറ്റർ, പർച്ചേസ് ഇൻഡന്റ്, വർഷം എന്നിവ കുടിശ്ശിക ഡിമാന്റിൽ വ്യക്തമായി പരാമർശിച്ചിട്ടില്ല.

അപാകതയ്ക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/10.08.2024) ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ ലെഡ്ജറിൽ 85,374/- രൂപ പെൻഡിംഗ് ഉള്ളതിന്റെ സ്റ്റേറ്റ് മെന്റ് ഓഡിറ്റിന് ലഭ്യമാക്കി. എന്നാൽ ഇത് ഏത് ഇൻഡെന്റ് പ്രകാരം ചെലവഴിച്ച തുകയാണെന്നോ എന്തൊക്കെ സാധനങ്ങളാണ് പർച്ചേസ് ചെയ്തിരുന്നതെന്നോ ഏത് വർഷത്തെ കുടിശ്ശികയാണെന്നോ വ്യക്തമല്ല. അപാകത പരിഹരിച്ച് വ്യക്തത വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതുവരെ 85,374/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 കന്നുകുട്ടി പരിപാലനം-ഗുണഭോക്താക്കൾ പിന്മാറി

പ്രോജക്ട് നം. 109/24

അടങ്കൽ- 637500 രൂപ -വികസന ഫണ്ട്(പൊതുവിഭാഗം)

ചെലവ്- 525000 രൂപ (BRN No. 23090752095500773964/23-24/10.11.23)

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. 42 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക 525000 രൂപ (12500x42) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. 2022-23 ലെ പദ്ധതിയായിരുന്നെങ്കിലും കാലിത്തീറ്റ വിതരണം ആരംഭിക്കാനായത് 3/24 ൽ മാത്രമാണ്.

ഗുണഭോക്താവായ ശ്രീ. എ.എ. എബ്രഹാം 3/24 ൽ കാലിത്തീറ്റ കൈപ്പറ്റിയതിന് ശേഷം പദ്ധതിയിൽ

നിന്ന് പിൻമാറിയതായി കാണുന്നു. കൂടാതെ 42 ഗുണഭോക്താക്കൾക്കായി തുക നിക്ഷേപിച്ചെങ്കിലും നിലവിൽ 38 പേര് മാത്രമാണ് കാലിത്തീറ്റ വാങ്ങുന്നത്. ശ്രീ തോമസ് കുര്യൻ, രാജു തോമസ്, കുമാരി ശോഭാരാജ് എന്നിവർ ഒരു മാസത്തെ പോലും കാലിത്തീറ്റ വാങ്ങിയിട്ടില്ല. ടി ഗുണഭോക്താക്കൾക്കായി അനുവദിച്ച സബ്സിഡി തുക വിനിയോഗിക്കാതെ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു. ഗുണഭോക്താക്കൾ പിന്മാറിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/14.8.24) മറുപടി ലഭ്യമായില്ല. അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിട്ടപ്പെടുത്തി തിരികെ ലഭ്യമാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 മുൻകൂറായി തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

പ്രോജക്ട് നം.	50/24
അടങ്കൽ തുക	800000/-
ആകെ ചെലവ് തുക	800000/-
ആയുർധാര ഫാർമസ്യൂട്ടിക്കൽസിന് നൽകിയ ബിൽ തുകയുടെ വിവരങ്ങൾ	23090752096001258591/23-24 /22.2.24, 111741/- രൂപ
ഫണ്ടിനം	സംരക്ഷണ ഗ്രാന്റ് (റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)

മേൽ പ്രോജക്ട് പ്രകാരം ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 800000/- രൂപ വിവിധ ഏജൻസികൾക്കായി നൽകിയിട്ടുണ്ട്. ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം ആയുർധാര ഫാർമസ്യൂട്ടിക്കൽസ് തൃശ്ശൂരിന് 111741/- രൂപ കൈമാറിയെങ്കിലും 79962/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായതായി കാണുന്നുള്ളൂ. ബാക്കി 31779/- രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇൻവോയിസ് പകർപ്പ് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാകാത്തതിനാൽ 31779/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 കുടിവെള്ള പദ്ധതികൾ -വിശദാംശങ്ങൾ ലഭ്യമല്ല.

ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള പദ്ധതികൾക്കായി ഏറ്റെടുത്ത പ്രോജക്ടുകളിൽ അസി.എൻജിനീയർ നടപ്പാക്കിയ 121/24 നമ്പർ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി ധനകാര്യകമ്മീഷൻഗ്രാന്റ് 425408/-രൂപ 24/01/24 ൽ ചെലവഴിച്ചിട്ടുണ്ട്. 2022-23- ൽ പ്രോ.നം.13/23 പ്രകാരം 29-03-23 ൽ 47592/രൂപയും ചെലവഴിച്ചിരുന്നു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഇ.എം ബുക്ക് എന്നിവയനുസരിച്ച് കുന്നത്തോലി കുടിവെള്ള പദ്ധതി, കല്ലുംകൂട്ടം കുടിവെള്ള പദ്ധതി, ഓലിക്കാമല കുടിവെള്ളപദ്ധതി എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്.

കുന്നത്തോലി കുടിവെള്ള പദ്ധതിയിൽ ജലസ്രോതസ്സായി ഉപയോഗിക്കുന്ന കിണറിലെ വെള്ളം അരിച്ച് കലക്കൽ മാറ്റുന്നതിന് റിംഗ് ഇറക്കി ചുറ്റുമായി വിവിധ വലിപ്പത്തിലുള്ള മെറ്റൽ നിറയ്ക്കുകയാണ് ചെയ്തിട്ടുള്ളത് .

കല്ലുംകൂട്ടം കുടിവെള്ള പദ്ധതിയിൽ 150 മീറ്റർ 50 Mm പി.വി.സി പൈപ്പ് ലൈൻ നീട്ടലും ഓലിക്കാമല

കുടിവെള്ളപദ്ധതിയിൽ 222മീ, 90 Mm പി.വി.സി പൈപ്പ് ഇടലും ആണ് ചെയ്തതായി കാണുന്നത്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നത് ഓലിക്കാമല കുടിവെള്ളപദ്ധതിയിൽ പുതിയ കിണറിൽ നിന്ന് സപ്ലൈ ലൈൻ ഇടുന്നതായാണ്. പ്രവൃത്തിയുടെ ഫയൽ, എം ബുക്ക് എന്നിവയിൽ നിന്ന് പുതിയ കിണർ നിർമ്മിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.പദ്ധതിയുടെ സമഗ്രമായ വിവരം ഫയലിൽ നിന്ന് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ പൈപ്പ് ഇടൽ മാത്രമായി പ്രവൃത്തി ചുരുങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

കൂടാതെ മേൽ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ഗുണഭോക്തൃസമിതിക്ക് കൈമാറുകയും ചെയ്തതിന്റെയും വിവരം, എത്ര ഗുണഭോക്താക്കൾ ഓരോകുടിവെള്ള പദ്ധതിയുടെയും ഭാഗമായിട്ടുണ്ട് തുടങ്ങിയ വിവരങ്ങൾ, പദ്ധതികളുടെ ചെലവുകൾ ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ച് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതിന്റെ സാഹചര്യം, നിലവിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികളുടെ എണ്ണം, ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ വിവരം, ഓരോന്നിനും ഉള്ള ഗുണഭോക്താക്കളുടെ എണ്ണം, കുടിവെള്ള പദ്ധതികളുടെ പ്രവർത്തനക്ഷമത തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (23/14-08-24) ക്കുള്ള മറുപടിയിൽ ഓലിക്കാമല കുടിവെള്ളപദ്ധതിയിൽ 2022-23 ലെ 118/23 പ്രോജക്ട് പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന കരാറുകാരൻ മരിച്ചുപോയതിനാൽ കിണർ നിർമ്മാണം മാത്രം പ്രസ്തുത വർഷം പൂർത്തീകരിച്ച സാഹചര്യത്തിൽ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് തൻവർഷം പ്രോജക്ട് ഏറ്റെടുത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്.കൂടാതെ ജലജീവൻ ഉൾപ്പെടെയുള്ള ജലവിതരണ പദ്ധതികൾ ആരംഭിക്കുന്നതിന് വർഷങ്ങൾ മുൻപെ തന്നെ കുടിവെള്ളവിതരണപദ്ധതികൾ ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ചിരുന്നതായും നിലവിൽ 19 കുടിവെള്ള പദ്ധതികൾ ഉള്ളതായും അറിയിച്ചു.ചെറിയ മെയിന്റനൻസ് പ്രവൃത്തികളല്ലാതെ വലിയചെലവുള്ള പ്രവൃത്തികൾ ഏറ്റടുക്കുന്നതിന് ഗുണഭോക്തൃസമിതികൾക്ക് സാധിക്കാത്തതിനാലാണ് കിണർ നിർമ്മാണം ഏറ്റെടുത്തതെന്നും അറിയിച്ചു.മറ്റുകുടിവെള്ളപദ്ധതികളുടെ വിശദാംശങ്ങൾ ഒന്നും തന്നെ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച വിശദാംശങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-28 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതി നിർവ്വഹണത്തിനായി തൻവർഷം ജനറൽ (പ്രോജക്ട് നമ്പർ 02/23-24) എസ്.സി (പ്രോജക്ട് നമ്പർ 03/23-24) എസ്.റ്റി (04/23-24) വിഭാഗങ്ങൾക്കായി മൂന്ന് പ്രോജക്ടുകൾ നടപ്പാക്കി. ലൈഫ് 2020 പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കാണ് ടി പ്രോജക്ടിലൂടെ ആനുകൂല്യം നൽകിയത്. 2023-24 വർഷം ജനറൽ വിഭാഗത്തിൽ 36-ഉം എസ്.സി വിഭാഗത്തിൽ 3-ഉം, എസ്.റ്റി വിഭാഗത്തിൽ 1 ഒരാളുമാണ് ഭവനപദ്ധതിയ്ക്കായി പഞ്ചായത്തുമായി കരാറിൽ എർപ്പെട്ടത്. ആയതിൽ ജനറൽ വിഭാഗത്തിൽ 26-ഉം എസ്.സി വിഭാഗത്തിൽ ഒരാളും ഭവന നിർമ്മാണം പൂർത്തിയാക്കി.ഫേസ് 2,3 അഡീഷണൽ ലിസ്റ്റിൽ എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ട രണ്ട് പേർ നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്. ചുവടെ ചേർത്തിരിക്കുന്ന 16 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ക്രമ നം	ഗുണഭോക്താക്കളുടെ പേര്/വിലാസം	കാറ്റഗറി	ലിസ്റ്റ്	കരാറിലേർപ്പെട്ട തീയ്യതി	കൈപ്പറ്റിയ തുക	നിലവിലെ സ്ഥിതി
1	ബിന്ദു.കെ.ദിവാകരൻ കരോട്ട് ഇളമ്പശ്ശേരിൽ കാണക്കാരി	എസ്.സി	അഡീഷണൽ ലിസ്റ്റ്	25.10.2022	360000/-	മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു,

2	മനോജ്(ബിജു) പുഞ്ചയിൽ,ഞീഴൂർ	എസ്.സി	അഡീഷണൽ ലിസ്റ്റ്	02.11.2022	300000/-	ലിന്റൽ ലെവൽ
3	ചാക്കോ മത്തായി, കച്ചികണ്ടത്തിൽ കുറവിലങ്ങാട്	ജനറൽ	ലൈഫ് 2020	23.01.23	360000/-	മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു,
4	എലിക്കുട്ടി ദേവസ്യ പറയൻ കുഴിയിൽ കുറവിലങ്ങാട്	ജനറൽ	ലൈഫ് 2020	28.01.2023	360000/-	മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു,
5	ആലീസ് ബാബു മുണ്ടിയാങ്കൽ കോഴ	ജനറൽ	ലൈഫ് 2020	17.01.2023	360000/-	മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു,
6	അന്നമ്മ മാർക്കോസ് വള്ളി നിൽക്കും തടത്തിൽ കുറവിലങ്ങാട്	ജനറൽ	ലൈഫ് 2020	23/01/2023	200000/-	ലിന്റൽ ലെവൽ
7	രമണി സുരേന്ദ്രൻ പടിഞ്ഞാറേ തട്ടാംപറമ്പിൽ കുറവിലങ്ങാട്	ജനറൽ	ലൈഫ് 2020	09/02/2023	300000/-	ലിന്റൽ ലെവൽ
8	ലിസി സെബാസ്റ്റ്യൻ തുമ്പനോപറമ്പിൽ കുറവിലങ്ങാട്	ജനറൽ	ലൈഫ് 2020	23.02.2023	240000/-	ലിന്റൽ ലെവൽ
9	രജീന വിൻസെന്റ് കെഴുവംതടം കുറവിലങ്ങാട്	ജനറൽ	ലൈഫ് 2020	04.03.2023	40000/-	നിർമ്മാണം ആരംഭിച്ചിട്ടില്ല
10	വൽസമ്മ തോമസ് തെക്കേ പറമ്പിൽ	ജനറൽ	ലൈഫ് 2020	10.01.2023	360000/-	മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു,
11	ത്രേസ്യാമ്മ മത്തായി കീച്ചാനിക്കുന്നേൽ കുറവിലങ്ങാട്	ജനറൽ	ലൈഫ് 2020	23.01.2023	340000/-	മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു,
12	കുട്ടിയമ്മ ജോർജ്ജ് മൂലക്കുന്നേൽ പകലോമറ്റം	ജനറൽ	ലൈഫ് 2020	02.02.2023	360000/-	മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു,
13	തങ്കമ്മ സുകുമാരൻ തെക്കടിയിൽ	ജനറൽ	ലൈഫ് 2020	01.03.2023	200000/-	മേൽക്കൂര നിർമ്മാണം

	കോഴ					പൂർത്തീകരിച്ചു,
14	രാധാമണി വലിയപറമ്പിൽ പകലോമറ്റം	എസ്.റ്റി	ലൈഫ് 2020	13.01.2023	200000/-	തറ നിർമ്മാണം പൂർത്തീയാക്കി
15	അഭിലാഷ് ബാബു&നീതുമോൾ എൻ.ആർ കുയിലംപറമ്പിൽ ഞീഴൂർ	എസ്.സി	ലൈഫ് 2020	24.01.2023	300000/-	ലിന്റൽ ലെവൽ
16	ആശ രാമകൃഷ്ണൻ ഇന്ദിരഗിരി കുറവിലങ്ങാട്	എസ്.സി	ലൈഫ് 2020	24.01.2023	300000/-	മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ.

I. ആമുഖം

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭക ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന തൊഴിൽ സംരംഭക ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് മാലിന്യനിർമ്മാർജന പ്രക്രിയകൾ മാറേണ്ടിയിരിക്കുന്നു. 14വാർഡുകൾ ഉൾക്കൊള്ളുന്ന കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ ആകെ 4381 വീടുകളും 908 വാണിജ്യസ്ഥാപനങ്ങളുൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളുമാണുള്ളത്. ഒഴിഞ്ഞ് കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഒഴിവാക്കിയാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 3833 വീടുകളിലും 698 സ്ഥാപനങ്ങളിലുമാണുള്ളത്.ആകെ

ജനസംഖ്യ 18033 ആണ്. ഒരു വാർഡിൽ രണ്ട് വീതം 14 വാർഡുകളിലേക്കായി 28 ഹരിതകർമ്മസേനാംഗങ്ങളാണ് മാലിന്യ ശേഖരണസംസ്കരണപ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതെങ്കിലും രണ്ട് വാർഡുകളിൽ ഓരോ അംഗങ്ങൾ മാത്രമാണുള്ളത്(വാർഡ് 1,4). ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഒഴിഞ്ഞുകിടക്കുന്നവയൊഴികെ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ വിവരിക്കുന്നു.

1) 500ച.അടി വിസ്തീർണ്ണമുള്ള എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട് .

2) എല്ലാ വാർഡിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്.

3) മാലിന്യനീക്കത്തിന് നിലവിൽ സ്വന്തമായി വാഹനം ഇല്ല.

2 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ കാര്യമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 26 സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്.എന്നാൽ ഈ സംവിധാനം നിലവിൽ പൂർത്തിയായിട്ടില്ല.ക്യൂ.ആർ കോഡ് പതിക്കുന്നതിൽ വേണ്ടത്ര മാർഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നല്കാതിരുന്നതിനാൽ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ, സ്ഥാപനങ്ങൾ,വാണിജ്യകെട്ടിടങ്ങളുടെ എല്ലാ ഷട്ടറുകളിലും എന്ന രീതിയിൽ ക്യൂ.ആർ കോഡ് പതിച്ചുമൂലം സംവിധാനം ഫലപ്രദമായില്ല. വീടുകളിൽനിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി ഇവർ വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക് കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് പ്രാഥമികമായി മിനി എം.സി.എഫ്.-കളിൽ സൂക്ഷിച്ച്, തുടർന്ന് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് തരം തിരിച്ച് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് ,കോഴിക്കോട് എന്ന സ്ഥാപനത്തിന് കൈമാറുന്നു. പൊതുവെ സമയബന്ധിതമായി അവ നീക്കം ചെയ്യുന്നതായാണ് എം.സി.എഫ് ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച്

ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2023-24ൽ 14 വാർഡുകളിലെയും ഗ്രാമസഭകളിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

ശേഖരിക്കുന്ന മാലിന്യത്തിന്റെ 70% ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കാൻ സാധിക്കുന്നതായി അറിയിച്ചിട്ടുണ്ട്.ബാക്കി എം.സി.എഫ്-ൽ വച്ചും നടത്തുന്നു.ജൈവമാലിന്യസംസ്കരണ ഉപാധികളുടെ കുറവും ഉള്ളവ കൃത്യമായി ഉപയോഗിക്കാത്തതും സാനിട്ടറി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഉപാധികളുടെ അഭാവവും കാലാവസ്ഥയിലെ മാറ്റങ്ങളും മാലിന്യസംസ്കരണ പ്രവർത്തനത്തിൽ പ്രായോഗിക വിഷമതകൾ സൃഷ്ടിക്കുന്നതായി കാണുന്നു.

3 മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും നോട്ടീസ് മുഖേനയും വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി മുഖേനയും ഗ്രാമസഭകൾ മുഖേനയും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക്ക് കത്തിക്കുന്നതുൾപ്പെടെ പരിസരമലിനീകരണത്തിന് കാരണമായ സാഹചര്യങ്ങളിൽ ഉത്തരവാദികളെ കണ്ടെത്തി അവരിൽ നിന്ന് പിഴയീടാക്കിയിട്ടുമുണ്ട്.

4 മാലിന്യശേഖരണത്തിലെ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ ക്യൂ.ആർ കോഡ് പതിക്കുന്ന നടപടി പൂർത്തിയായി വരുന്നു.ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനായി ജി ബിൻ കംപോസ്റ്റ് യൂണിറ്റുകളുടെ വിതരണം,ശുചിത്വ മാലിന്യ സംസ്കരണം തുടങ്ങിയ പ്രോജക്ടുകൾ പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. എന്നാൽ മാലിന്യ ശേഖരണാർത്ഥം പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങൾ ഗ്രീൻവോംസ് എക്കോ സൊല്യൂഷൻ എന്ന ഏജൻസിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

5 തൊഴിൽ സൃഷ്ടിക്കൽ.

26അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാസത്തിലെ 15 ദിവസം മാലിന്യ ശേഖരണവും, മാലിന്യനീക്കം,തരംതിരിക്കൽ എന്നിങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും നിയന്ത്രിക്കുന്നതിനായി ഹരിത കർമ്മസേന കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുകയും(കരളബാങ്ക്,കുറവിലങ്ങാട്,അക്കൗണ്ട്നമ്പർ 131112301200746) അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതായി കാണുന്നു.ഹരിതകർമ്മസേന കൺസോർഷ്യം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2023-24 വർഷം 2125890 /രൂപ യൂസർഫീ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.വേതനം ഇനത്തിൽ 1991592/രൂപ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി.കുറഞ്ഞത് 5500/രൂപമുതൽ 18000/രൂപ വരെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി വരുമാനം ലഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല.

6 അടിസ്ഥാന സൗകര്യങ്ങൾ

മാലിന്യ നീക്കത്തിനായി നിലവിൽ വാഹനം ഇല്ല. വാഹനം വാങ്ങുന്നതിനായി 2024-25 സാമ്പത്തികവർഷം പ്രോജക്ട് വച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.3ഹരിതകർമ്മസേനാംഗങ്ങൾ

നിലവിൽ ഡ്രൈവിംഗ് പരിശീലനം നടത്തുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സേനാംഗങ്ങൾക്ക് ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നല്കിയിട്ടുണ്ട്.കൂടാതെ എം.സി.എഫ് ൽ ശുചിമുറി സൗകര്യം,കുടിവെള്ളം,ഡ്രസ്സിംഗ് റൂം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.ഫയർ എക്സ്റ്റിംഗ്വിഷറുകൾ,വാട്ടർ ടാങ്കുകൾ, എന്നിവ നിർദ്ദേശപ്രകാരം സ്ഥാപിച്ചിട്ടുണ്ട്.

7. പരിശീലനവും വികസനവും

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും പരിശീലന സെക്ഷനുകൾ നൽകിയിട്ടുണ്ട്.

8. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

നിലവിലുള്ള എം.സി.എഫിന് വഴി, ശുചിമുറി സൗകര്യങ്ങളുണ്ട്.എന്നാൽ 500 ചതുരശ്ര അടി മാത്രമേ വിസ്തൃതി ഉള്ളുവെന്നതിനാൽ ടിപ്പിംഗ്ഏരിയ, സ്റ്റോറേജ്ഏരിയ, മെഷിനറിഏരിയ, എന്നിങ്ങനെ തരം തിരിച്ച് തിട്ടപ്പെടുത്തിയിട്ടില്ല. ബെയിലിംഗ് യൂണിറ്റിനായി 2024-25ൽ പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ട്.

9. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം ശേഖരിക്കുകയും തരം തിരിക്കുകയും ചെയ്യുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിരിക്കുന്നു. എല്ലാ മാസവും ഹരിതകർമ്മസേന കൺസോർഷ്യം പ്രസിഡന്റിന്റെ അധ്യക്ഷതയിൽ, ഹരിതകർമ്മസേനാംഗങ്ങളുടെ യോഗം വിളിച്ച്ചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ചകളിലൂടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി നിർദ്ദേശങ്ങൾ നല്കി വരുകയും ചെയ്യുന്നുണ്ട്. അസി.സെക്രട്ടറി, വി.ഇ.ഒ എന്നിവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന പ്രവർത്തിച്ചുവരുന്നത്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്.

സമൂഹത്തിൽ ഒരു മാലിന്യമുക്തസംസ്കാരം രൂപപ്പെട്ടിട്ടില്ലാത്തതിനാൽ ഹരിതകർമ്മസേന പ്രവർത്തനം ഒരു സാമൂഹ്യസേവനമായി കരുതുന്നവർ വളരെ കുറവാണ്. മറ്റുള്ളവർ നിർബന്ധിതപിരിവായാണ്

യൂസർഫീയെ കണക്കാക്കുന്നത്.പ്രതികൂലമായ കാലാവസ്ഥ,പ്രാദേശികമായ സംഭവങ്ങൾ എന്നിവ ഹരിതകർമ്മസേന പ്രവർത്തനത്തിൽ പ്രായോഗികബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.എന്നാലും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഉപകരിക്കുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാപൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കുന്നതിനും ഹരിതകർമ്മസേനപ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

10.ശുപാർശകൾ.

- ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് മതിയായ സൗകര്യങ്ങളുള്ള MCF ,മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- മാലിന്യ നീക്കത്തിനായി ഹരിത കർമ്മസേനയ്ക്ക് വാഹനം ലഭ്യമാക്കുകയും വാഹനം ഓടിക്കുന്നതിന് ഹരിതകർമ്മ സേന അംഗങ്ങളെ പര്യാപ്തരാക്കുകയും ചെയ്യുക.
- മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക .

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം.

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 22/05/2024 ലെ 2(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് AIMS സോഫ്റ്റ്‌വെയറിൽ ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 7/08/2024, 8/08/2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ

സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	പ്രോജക്ടിന്റെ പേര്	ലഭിച്ച തുക	ചെലവ്	ബാക്കി
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്	02/23-24 ലൈഫ് മിഷൻ ഭവനപദ്ധതി ജനറൽ	1280000	1280000	0
	16/23-24 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്	230453	230453	0
	49/23-24 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി	488414	488414	0
	ആകെ	**1998867/-**	**1998867/-**	**0**
കോട്ടയം ജില്ലാ പഞ്ചായത്ത്	02/23-24 ലൈഫ് മിഷൻ ഭവനപദ്ധതി ജനറൽ	900000	900000	0
	16/23-24 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്	150000	150000	0
	15/23-24 അംഗൻവാടി പോഷകാഹാരം	194358	194538	
	49/23-24 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി	394623	394623	0
	ആകെ	**1639161/-**	**1639161/-**	**0**

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്.

2023-24 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര് ഉദ്ദേശ്യം	ഉത്തരവ് നം, തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം എടുത്ത വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	ജിഒ (എംഎസ്) 68/2018/ 18.5.18	824842	3160000	762277	0	3222565

ബാലൻസ് ഷീറ്റ് B15 പ്രകാരം 3221692/- രൂപയാണ് തിരിച്ചടക്കാനുള്ളതായി ബുക്ക് ചെയ്തിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ.

ഗ്രാമപഞ്ചായത്തിൽ സ്ഥിരനിക്ഷേപമില്ല.

4-7 ഓഡിറ്റ് റിക്കവറി.

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ സ്ഥാപനത്തിന് ലഭ്യമായ തുക ചുവടെ ചേർക്കുന്നു (I-9 ഷെഡ്യൂൾ പ്രകാരം).

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം, തീയതി
2022-23	1-27	38813/-	ഐ.ആർ.റ്റി.സി മുണ്ടൂർ, പാലക്കാട്	1230104770/ 14.3.24
2020-21	1-28	27843/-	കെ.എ മുജീബ് റഹ്മാൻ, കുറവിലങ്ങാട്	1230100669/ 26.5.23
	ആകെ	66656/-		

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം .

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2 (1,2,3,4)	2016-17	1, അനുബന്ധം-3	വസ്തുനികുതി	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-3	2016-17	2, അനുബന്ധം-4	തൊഴിൽനികുതി	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.
2015-16	2-6	2016-17	2,	തൊഴിൽനികുതി	അക്കൗണ്ട്സ്

			അനുബന്ധം-5		കമ്മിറ്റിയുടെ പരിഗണനയിലാണ്.
2019-20	1-20-1	2020-21	അനുബന്ധം-2	പാലിയേറ്റീവ് കെയർ-പുനർഉപയോഗ സാധ്യമായ പരിചരണ സാമഗ്രികൾ	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.
2019-20	1-20-2	2020-21	അനുബന്ധം-2	പാലിയേറ്റീവ് കെയർ പ്രോജക്ട്-മരുന്നുകൾ ലഭ്യമായില്ല	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.
2020-21	1-13	2021-22	അനുബന്ധം-1	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത്	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

ചാർജ് സർചാർജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	:	63870454/-
ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)		103499379/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	:	38382072/-
ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)		110659314/-
വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	482153/-

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	365000/-	പ്രദീപ് എൻ, സെക്രട്ടറി
1-24	85374/-	പ്രദീപ് എൻ, സെക്രട്ടറി
1-26	31779/-	ഡോ.അരുൺകുമാർ വി പി , മെഡിക്കൽ ഓഫീസർ, ആയുർവേദം
ആകെ	**482153/-**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	**തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം**
2003-04 (ചെലവ്)	കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22)/ 1695(1)/2022/01.08.22	1
2007-08	കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22)/1696/2021/01.08.22	1
2008-09	കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22)/1116/22/01.08.22	2
2009-10	കെ.എസ്.എ-കെ.ടി.എം.പി-4/825/20 തീയതി 05/10/20	1
2010-11, 2011-12	കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22)/1115/22/01.08.22	4
2012-13	എൽ.എഫ്.കെ.പി 4/(അദാ.22) /1112/22/01.08.22	13
2013-14	കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22)/ 1700/2022/01.08.22	1
2014-15	കെ.എസ്.എ-കെടി.എം.പി.4/(അദാ.22)/1113/2022/01.08.22	10
2015-16	നം.എസ്.എ-കെടി..പിഎം.4/ 913/22/20.08.22	6
2016-17	നം.കെ.എസ്.എ-കെ.ടി.എം.പി.4/912 /22/20.08.22	2
2017-18	കെ.എസ്.എ-കെ.ടി.എം.പി4/911 /22/20.08.22	8
2018-19	കെ.എസ്.എ-കെ.ടി.എം.പി4/118 /22/20.08.22	12
2019-20	കെ.എസ്.എ-കെ.ടി.എം.പി4/483 /22/28.07.21	7
2020-21	കെ.എസ്.എ- കെ.ടി.എം.പി4/1571/2022 തീയതി	10

	22.02.2023	
2021-22	കെ.എസ്.എ-കെ.ടി.എം.പി4/ 92/2023തീയതി 29.02.2024	29
2022-23	കെ.എസ്.എ-കെ.ടി.എം.പി4/ 1998/2023 തീയതി 18.03.2024	44

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 22-05-2024 and submitted on 29-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Kuravilangadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kuravilangadu Grama Panchayat as on 31-03-2024

Date: 19/09/2024

Deputy Director
District Office Kottayam
Kerala State Audit Department

Audit Report appended to the Audit Certificate of Kuravilangadu Grama Panchayat for the Year 2023-2024 .

1.Major Observations

1) General Fund Details not maintained. Source Data not available for the value of total general

fund as on 31/03/2024.

2) Non Disclosure of Capital Contribution-Captal contribution opening balance details, fund wise capital

contribution
of current year are not available.

3) Non Disclosure of Assets-Assets not classified and evaluated and accounted-Asset Register

has not updated.
4) 2.38 crore booked as prior period expense in the I18 schedule not explained with supporting documents.

2.Other Observations

1) Government and other dues register not maintained.

2)Adequate data and calculation sheets not maintained for depreciation calculations.

3) Expenditure of maintenence grant road booked in the AFS not tallied with ACR

4) Opening and closing balance of Finance commission grants were not worked out .

5) Balance of literacy fund not match with ACR.

6) Amount booked as Grants, funds And contribution for specific purpose in the B4

Schedule (Head of account 320300199) not explained with supporting documents

7) Amount booked as Total sanitation balance in the B4 Schedule (Head of account 320100198)

not match with ACR.

8) Amount booked as Beneficiary contribution in the B4 Schedule (Head of account 320800101)
not match with ACR.

9) loan balance amount shown in the B5 Schedule not tallied with Loan register.

10) Distress relief fund balance booked in the B2 schedule not tallied with passbook balance.

11) Rent deposit booked in the B7 schedule of AFS not agreed with Deposit register.

12) DCB of rent, auction ,market receipts etc donot maintained.

13) Amount booked as other deposits in the B7 Schedule (Head of account 340200199) not explained with supporting documents.
14) Payment of unemployment allowance not booked in AFS.

Deputy Director
Kerala State Audit Department

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്